15467
14/7/17

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കോഴിക്കോട് ജില്ല – ചെമ്പനോട, കാവിൽ പുരയിടത്തിൽ ജോയി എന്ന കെ.ജെ.തോമസിന്റെ കുടുംബത്തിന് ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (എം.എസ്) നമ്പർ. 230/2017/റവ.** **തിരുവനന്തപുരം, തീയതി : 13.07.2017**

**ഉത്തരവ്**

21.06.2017 ന് കോഴിക്കോട്, ചെമ്പനോട വില്ലേജ് ഓഫീസിൽ വച്ച് മരണപ്പെട്ട ജോയി എന്ന കെ.ജെ.തോമസിന്റെ കുടുംബത്തിന്റെ വായ്പാ ബാധ്യത തീർക്കുന്നതിനായി (ചക്കിട്ടപ്പാറ സഹകരണ ബാങ്കിൽ നിന്നും 13,16,856/- രൂപയും പൂഴിത്തോട് യൂണിയൻ ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ 3,31,346/- രൂപയും) ആകെ **16,48,202/- രൂപ (പതിനാറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായി വരുന്ന **16,48,202/- രൂപ (പതിനാറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി രണ്ട് രൂപ)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കൊയിലാണ്ടി തഹസിൽദാർക്ക് നൽകേണ്ടതും തഹസിൽദാർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

3. ടിയാളുടെ ഭൂമിയുടെ തർക്കം പരിഹരിച്ച് നികുതി ഈടാക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ, കോഴിക്കോട്
തഹസിൽദാർ, കൊയിലാണ്ടി താലൂക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**